**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1929

07.03.2017-ൽ മറുപടിക്ക്

## സൈബർ കുറ്റാന്വേഷണ വിഭാഗം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ആർ. രാജേഷ്**<br>**" ആന്റണി ജോൺ**<br>**ശ്രീമതി. വീണാ ജോർജ്**<br>**ശ്രീ.എ.എൻ.ഷംസീർ** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിച്ച് കണ്ടെത്തുന്നതിന് സൈബർ കുറ്റാന്വേഷണ വിഭാഗം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| (ബി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ 'സൈബർ ഡോം' നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വിശദമാക്കുമോ; | (ബി) | സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ കേരള പോലീസ് സൈബർ ഡോം തിരുവനന്തപുരം ടെക്നോപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്നു. താഴെ പറയുന്ന കാര്യങ്ങളാണ് പ്രധാനമായും സൈബർ ഡോം നടത്തി വരുന്നത്.<br>1. സോഷ്യൽ മീഡിയയെ നിരീക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>2. ഇന്റർനെറ്റിലൂടെയുള്ള ചൈൽഡ് പോണോഗ്രാഫി തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>3. RBI യുമായി ചേർന്ന് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളെ ചെറുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>4. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ വെബ്സൈറ്റിന്റെ സുരക്ഷാ സംബന്ധമായ കാര്യങ്ങൾ സൈബർ ഡോം നടപ്പാക്കി വരുന്നു.<br>5. ഡാർക്ക് നെറ്റ് എന്ന ഇന്റർനെറ്റിലെ അധോലോകത്തിനെ നിരീക്ഷിക്കുന്നതിനും അവയിലൂടെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും വേണ്ടുന്ന നടപടികൾ നടന്നു വരുന്നു.<br>6. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളെ നശിപ്പിക്കുന്ന മാൽവെയർ പ്രോഗ്രാമുകളെക്കുറിച്ച് പഠിക്കുന്നതിനും അവയെ ചെറുക്കുന്നതിനും വേണ്ട നടപടികൾ എടുത്തു വരുന്നു.<br>7. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള സൈബർ ഡോമിന്റെ പ്രവർത്തനങ്ങൾ ഊർജിതമായി നടത്തുന്നതിലേക്കായി തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് ഒരു റിസർച്ച് ആൻഡ് ഡെവലപ്മെന്റ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാകുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സൈബർ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം വിശദമാക്കാമോ; | (സി) | തിരുവനന്തപുരം ട്രെയിനിംഗ് കോളേജിൽ പ്രവർത്തിക്കുന്ന ഒരു സൈബർ പോലീസ് സ്റ്റേഷൻ മാത്രമാണ് നിലവിലുള്ളത്. സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണമാണ് സൈബർ പോലീസ് സ്റ്റേഷൻ മുഖേന നടത്തി വരുന്നത്. |
| (ഡി) | സൈബർ മേഖലയിലെ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് പുതിയ തലമുറയിൽ അവബോധമുണ്ടാക്കാൻ പ്രസ്തുത വിഷയം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ